# Malayala Manorama

## 18 August 2018

## Piravom, Challenge to Rescue Workers, Selfie

# ദുരന്തസെൽഫി വൻ ദുരന്തം



പിറവം ● രക്ഷാപ്രവർത്തകർക്ക് വെല്ലുവിളിയായി ദുരന്തസെൽഫിക്കാരുടെ വിളയാട്ടം. പാലത്തിലും പരിസരത്തുമെല്ലാം വെള്ളം നിറഞ്ഞതോടെ സെൽഫി എടുക്കുന്നതിനായി കുടുംബസമേതം എത്തിയവർ ഒട്ടേറെ. കുട്ടികളുൾപ്പെടെയുള്ളവർ പാലത്തിൽ ചാഞ്ഞും ചരിഞ്ഞും പോസ് ചെയ്യുന്നതും കാണാമായിരുന്നു. പാലത്തോടു ചേർന്നുള്ള നടപ്പാതകളിലും കാണികൾ കൂട്ടത്തോടെ തമ്പടിച്ചത് മറുകര കടക്കാനെത്തിയ നാട്ടുകാർക്കും ബുദ്ധിമുട്ടിനിടയാക്കി.